**പതിനഞ്ചാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 488** **02-02-2023-ൽ മറുപടിയ്ക്ക്**

**എം.എൽ.എ.ആസ്തി വികസന ഫണ്ട്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വാഴൂർ സോമൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ല് ക്ലെയിം ചെയ്തിട്ട്, പ്രസ്തുത ബില്ല് മാറിനൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

**മറുപടി:** എം.എൽ.എ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ അലോട്ട്മെന്റ് അനുവദിക്കുന്നത് ബന്ധപ്പെട്ട വകുപ്പുകളാണ് . അക്രഡിറ്റഡ് ഏജൻസികൾക്കുള്ള തുക ധനവകുപ്പിൽ നിന്നുമാണ് അനുവദിച്ചു നൽകുന്നത്. ന്യൂനതകൾ പരിഹരിക്കപ്പെട്ട് സമർപ്പിക്കപ്പെടുന്ന ബില്ലുകൾക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് അനുവദിച്ച് കരാറുകാർക്ക് തുക അനുവദിച്ചു നൽകുന്നു. കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** എം.എൽ.എ.ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് ബില്ല് ക്ലെയിം ചെയ്ത കരാറുകാർക്ക് നൽകുവാനുള്ള തുക നിലവിൽ എത്രയാണെന്നും ഏതു മാസം വരെയുള്ള കുടിശ്ശികയാണ് നല്കുവാനുള്ളതെന്നും അറിയിക്കാമോ;

**മറുപടി:** വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു

**(സി)** പ്രസ്തുത ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് ബില്ല് മാറിനൽകുവാൻ ബില്ല് ഡിസ്കൗണ്ടിങ് സിസ്റ്റം (ബി.ഡി.എസ്.) ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** സ.ഉ(അച്ചടി)നം. 152/2020/ധന, തീയതി 5/11/2020, 30.12.2020 ലെ സ.ഉ(പി) നം.164/2020/ധന ഉത്തരവുകൾ പ്രകാരം വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളടക്കം) പ്രവൃത്തിയുടെയും വിതരണക്കാരുടെയും നിശ്ചിത തുകയ്ക്ക് മുകളിലുള്ള ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. എംഎൽഎമാരുടെ ആസ്തി വികസന പദ്ധതിയുടെ ബില്ലുകളും ടി ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**